ലോട്ടറി വകുപ്പിലെ കരാർ നിയമനങ്ങൾ

162 (4153) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി വകുപ്പിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ/ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; പ്രസ്തുത തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമനം നിർത്തലാക്കുന്നതിന് തീരുമാനിച്ചതിന്റെ / ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ലോട്ടറി വകുപ്പിൽ, കാരുണ്യ ബെനവലന്റ് ഫണ്ടിൽ ലെയ്സൺ ഓഫീസർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനും സ്ഥിരനിയമനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(ഡി) പ്രസ്തുത സർക്കാർ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തസ്തികയിലെ നിയമനത്തിനും നിയമനം സ്ഥിരപ്പെടുത്തുന്നതിനും ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികളുടെയും ഉത്തരവിന്റെയും വിശദാംശങ്ങളും പകർപ്പും ലഭ്യമാക്കാമോ ;

(ഇ) ഈ നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ ചികിത്സാ ധനസഹായം നൽകുന്നതിന് സർക്കാർ ആശുപത്രികൾക്കു പുറമെ സർക്കാരിതര ആശുപത്രികളെ കൂടി ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ജില്ലാ ലോട്ടറി ഓഫീസുകളിൽ ഉണ്ടാകുന്ന വർദ്ധിച്ച ജോലി ഭാരം കുറയ്ക്കുന്നതിനും പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനുംവേണ്ടി ജില്ലാ തലത്തിൽ ഓരോ ലെയ്സൺ ഓഫീസർമാരെയും അഡ്മിനിസ്ട്രേറ്റർ ഓഫീസിൽ 3 പേരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ കാരുണ്യ ബെനവലന്റ് 5-ാമത് സംസ്ഥാനതല കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇവർക്ക് സ്ഥിരനിയമനം നൽകാൻ തീരുമാനിച്ചിട്ടില്ല.

(ഡി&ഇ) കരാറടിസ്ഥാനത്തിൽ ലെയ്സൺ ഓഫീസർമാരെ നിയമിക്കുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല കമ്മിറ്റിയാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. സർക്കാർ ഇതുസംബന്ധിച്ച് പ്രത്യേക ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly